# ഇ എം എസ് ജി എച്ച് എസ് എസ്

## പെരുമണ്ണ

# UNBOUND INK








EMS GOVT.HIGHER SECONDARY SCHOOL, PERUMANNA

SINCE 2008

| |
|---|
| റവന്യൂ ജില്ല |
| **കോഴിക്കോട്** |
| വിദ്യാഭ്യാസ ജില്ല |
| **കോഴിക്കോട്** |
| ഉപജില്ല |
| **കോഴിക്കോട് റൂറൽ** |
| പ്രിൻസിപ്പൽ |
| **സുഗതകുമാരി .കെ** |
| ഹെഡ്മിസ്ട്രസ് |
| **എൻ ഷൈമള** |



little KITEs

നൂതന സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിലേക്ക് എത്തിക്കുന്നതിന് ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന് സാധിക്കുന്നു.അതിൻെറ ഭാഗമായിഞങ്ങൾതയ്യാറാക്കിയമാഗസിനാണ്UNBOUND INK. ഒട്ടേറെ ന്യൂനതകൾ ഉണ്ടെങ്കിലും കുട്ടികളുടെ സർഗാത്മക രചനകൾ പുതിയ സാങ്കേതികവിദ്യയിലൂടെ ആവിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ ഇത് തയ്യാറാക്കിയത്. ഞങ്ങളെ വായിക്കുന്ന അറിയുന്ന എല്ലാവർക്കും മുന്നിൽ സമർപ്പിക്കുന്നു.

സ്റ്റുഡൻറ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

എൻ ഷൈമള (ഹെഡ്മിസ്ട്രസ്)

**സ്റ്റുഡന്റ് എഡിറ്റർ**

റിതിൻ കൃഷ്ണ എം.കെ

**അംഗങ്ങൾ**

തൻവീർ അഹമ്മദ് ഇ

ഹന്ന ഷെറിൻ കെ.പി

ഫാത്തിമ ഫിദ എം.പി

ഷിൻഹ ഷെറിൻ ഐ.സി

നവീൻ കൃഷ്ണ വി.ബി





സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങളെ ആവിഷ്കരിക്കുകയാണ് ഡിജിറ്റൽമാഗസിനാലൂടെ. മാറുന്ന കാലത്തെ സാങ്കേതികവിദ്യകളിലൂടെ അവതരിപ്പിക്കാനും അതിന്റെ അനന്തസാധ്യതകളെ ഉപയോഗപ്പെടുത്താനും ഇതിലൂടെ സാധ്യമാവും. ലിറ്റിൽ കൈറ്റ്സ് ടീമിനും **UNBOUND INK** എന്ന മാഗസിനുംഎല്ലാവിധ ആശംസകളും നേരുന്നു.

**എൻ ഷൈമള**
(ഹെഡ്മിസ്ട്രസ്)

# ഓർമ്മക്കുറിപ്പ്

## കൊച്ചുസെല്യൂട്ട്

ഓർമ്മക്കുറിപ്പ് എന്ന തലക്കെട്ട് വായിക്കുമ്പോൾ അത് വായിക്കാൻ ആർക്കും വലിയ താൽപര്യം കാണില്ല. ഒരാളുടെ ജീവിതത്തിൽ ഉണ്ടായ നിറഞ്ഞ സന്തോഷമോ നിറഞ്ഞ സങ്കടമോ ആണ് അതിൽ ഉണ്ടാവുക.
ഇതുപോലെ ഒരു ഓർമ്മക്കുറിപ്പ് നിങ്ങളോട് പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പുതിയ സൂര്യന്റെ ആദ്യ കിരണങ്ങൾ ഭൂമിയിൽ പതിക്കാൻ അൽപ്പനേരം കൂടി.
നേരം പുലർന്നെന്ന് അമ്പലത്തിലെ പ്രാർത്ഥനകളിലൂടെ മനസ്സിലാക്കി.ഉൻമേഷവും ഉൽസാഹവും നിറഞ്ഞ ഒരു പുലരിയിലേക്ക് ഞാൻ കണ്ണുതുറന്നു.
ഇന്നത്തെ ദിവസം ഏവർക്കും അറിയാം ആഗസ്റ്റ് 15 എന്റെ ജീവിതത്തിലെ മറക്കാത്ത ദിനം.ആദ്യമായി ഞാൻ കാക്കി ധരിക്കുന്ന ദിനം.അതിന്റെ ഉൻമേഷത്തോടെ ആയിരുന്നു ഞാൻ ഇന്ന് എഴുന്നേറ്റത്.ഞാൻ പ്രഭാതകൃതൃങ്ങൾ നിർവഹിച്ചു.ഇനിയാണ് കാക്കി അണിയേണ്ടത്.

ആദ്യമായി ധരിക്കുമ്പോൾ ഒരുപാട് സംശയങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒരുവിധം ഒപ്പിച്ചു ധരിച്ചു.

ജീവിതത്തിൽ ഇതുവരെ ലഭിക്കാത്ത ഒരുൻമേഷം എന്നിലുണ്ടായിരുന്നു.
ആദ്യമായി ബൂട്ട്സ് ഇട്ട ഞാൻ ടപ്പെ ,ടപ്പെ എന്ന് വീണുകൊണ്ടിരുന്നു.
എന്നാൽ എന്തുകൊണ്ടാണ് എന്ന് എനിക്ക് അറിയില്ല അതിന്റെ വേദന എനിക്കറിയാൻ പറ്റുന്നില്ല എന്താണ് കാരണം?

എനിക്കറിയില്ല.അങ്ങനെ തട്ടിക്കൂട്ടി ഞാൻ വീട്ടിൽ നിന്ന് ഇറങ്ങി.എന്റെ കൂടെയുള്ള രണ്ട് സഹപാഠികളും കാക്കിയിലായിരുന്നു.ഇന്ന് ആണ് ഞങ്ങളുടെ ആദ്യ പരേഡ്.എന്തോ ആ കാക്കിയിട്ട അവർക്കും എനിക്കും ഒരു സിംഹത്തിന്റെ പ്രൗഢിയുള്ളതായി തോന്നി.അങ്ങനെ ഞങ്ങൾ സ്കൂളിൽ എത്തി എല്ലാവരും തിരക്കിട്ട  പണിയിലായിരുന്നു.
അങ്ങനെ ഞാനും അതിൽ പങ്കെടുത്തു.

ത്രിവർണങ്ങളാൽ അലങ്കരിക്കരിക്കപ്പെട്ട
ഇ എം എസ് ജി എച്ച് എസ്സ് സ്കൂൾ.അങ്ങനെ പരേഡ് എല്ലാവരും നന്നായി ചെയ്തു.പിന്നീട് എനിക്ക് ഡാൻസ് ഉണ്ടായിരുന്നു അതിന് കാക്കി മാറ്റി ചുരിദാറാണ് ധരിച്ചത്.ഡാൻസ് കഴിഞ്ഞ് എല്ലാവരും ചുരിദാർ ധരിച്ച് വീട്ടിൽ പോകാം എന്ന് പറഞ്ഞു പക്ഷെ എനിക്ക് കാക്കി ധരിക്കാൻ ആയിരുന്നു താൽപര്യം.

ഞാൻ അത് അവരോട് പറഞ്ഞു അങ്ങനെ ഞങ്ങൾ കാക്കി ധരിച്ച് ഇറങ്ങി.അതിനിടയിലും ഞാൻ ടപ്പെ,ടപ്പെ  എന്ന് വീണുകൊണ്ടിരുന്നു.ഏകദേശം തെക്കെപ്പാടം മാഞ്ചുവടിന് അടുത്ത് എത്തിയപ്പോളാണ് അത് സംഭവിച്ചത്.എന്ത്? എന്റെ ജീവിതത്തിലെ മറക്കാത്ത ഓർമ്മ.ഞങ്ങളുടെ മുന്നിലൂടെ ഒരു ഓട്ടോ പോയി.അതിലെ ഒരു കൊച്ചു പയ്യനും ഉണ്ടായിരുന്നു.ഞാൻ പ്രതീക്ഷിക്കാതെ അത് നടന്നു.ആ കൊച്ചു പയ്യന്റെ ഒരു കൊച്ചു " *സല്യൂട്ട് ".എനിക്ക് പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു വിധം സന്തോഷമായിരുന്നു അത്.ഈ ജീവിതത്തിൽ ഇതുവരെ അനുഭവിക്കാത്ത ഒരു നിറഞ്ഞ സന്തോഷം ആരോടും എന്തെങ്കിലും പറയാൻ എനിക്ക് ഒന്നും വായയിൽ നിന്ന് വരുന്നില്ല ഇന്നും അത് ഓർക്കുമ്പോൾ എന്തോ ഒരു സന്തോഷമാണ്.



Nivedhya KP

# കൊലപാതകത്തിലൂടെ ആത്മഹത്യ

ഇനി അവളെന്നതൊരു സ്വപ്നമായ്
യമന്റെ മരണക്കയറിൽ
കുരുങ്ങിയ അവളെയിനി തിരികെ കിട്ടുകയില്ലെന്ന -
തൊരു കയ്പ്പേറും സത്യം
ജീവന്റെ തുടിപ്പുകൾ നിലയ്ക്കുമ്പോഴും
അവളുടെ ചിന്തകൾ നമ്മുടെ രക്ഷയ്ക്കായ്
എന്നിട്ടും കൊന്നു കളഞ്ഞില്ലെ നാം സ്വയം
ജീവന്റെ രക്ഷകയെ നശിപ്പിക്കുകയല്ലെനാം
പലതും മന്ത്രിച്ചു അവളെ കാത്തുസൂക്ഷിക്കാൻ,
അനുഭവങ്ങൾ അറിഞ്ഞിട്ടും മനസ്സിലാ-
വാത്ത നാം മനുഷ്യരാണോ?
പക്ഷി മൃഗാദികൾക്കവളെ വേണമായിരുന്നു.
മിണ്ടാപ്രാണികളായ അവരുടെ നന്മയും
ചിന്തയും പോലുമി സ്വയം പ്രാപ്തമാം നമ്മുക്കി -
ല്ലെന്നതെന്നതൊരു സഹതാപകരം.
കൊലപാതകം മാത്രമല്ല സ്വയംഹത്യ കൂടി -
യല്ലെ ഈ പ്രവൃത്തിയിലൂടെ നാം ചെയ്തത്.



## എൻെറ □ □□ □ □
## " വിശ്വവിഖ്യാതമായ മൂക്ക് "

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന പ്രശസ്ത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിൻെറ കൃതികളിൽ പ്രസിദ്ധി നേടിയ ഒരു കൃതിയാണ് "വിശ്വ വിഖ്യാതമായ മൂക്ക് ". എഴുത്തും വായനയും അറിഞ്ഞുകൂടാത്ത കുശിനിപ്പണിക്കാരനായ കഥാപാത്രത്തിൻെറ മൂക്ക് ഒരു ദിവസം വളർന്ന് വായും താടിയും പിന്നിട്ട് താഴോട്ടിറങ്ങിയ കഥയാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്.


ഒരു വലിയ മൂക്കിൻെറ കഥയാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്. എഴുത്തും വായനയും അറിയാത്ത കുശിനിപ്പണിക്കാരൻ കുശിനിപ്പണി ചെയ്യുക, ഉറങ്ങുക വീണ്ടും ഇതേചര്യ പിന്തുടരുക എന്നതാണ് അദ്ദേഹത്തിൻെറ പ്രധാന ജോലി. അദ്ദേഹത്തിൻെറ24-ാമത്തെ വയസ്സിൽ അയാളുടെ ജീവിതത്തിൽ ഒരു മഹാത്ഭുതം സംഭവിക്കുകയാണ്. അയാളുടെ മൂക്ക് വായയും താടിയും പിന്നിട്ട് പൊക്കിൾവരെയെത്തി. മൂക്കിന് വളരെയധികം നീളമുണ്ടായതിനാൽ അയാളെ എല്ലാവരും മൂക്കൻ എന്നു വിളിച്ചു. മാത്രമല്ല അദ്ദേഹത്തിൻ ജോലിയിൽ നിന്ന് പിരിച്ചുവിടുകയും ചെയ്തു പക്ഷെ, അയാളെ കാണാൻ വേണ്ടി രാപകലില്ലാതെ ആളുകൾ ഒഴുകി വരാൻ തുടങ്ങി. ആളുകൾ വന്നതുകൊണ്ട് അയാൾക്ക് വലിയ ഉപകാരമൊന്നുമുണ്ടായില്ല. അയാൾ പണമില്ലാതെ ദാരിദ്ര്യത്തിലേക്ക് ചെന്നു. അപ്പോൾ അയാളുടെ അമ്മ അയാളെ കാണാൻ വരുന്നവരിൽ നിന്ന് ഫീസ് ഈടാക്കി. അങ്ങനെ ആറു കൊല്ലം കൊണ്ട് കുശിനിപണിക്കാരൻ ലക്ഷപ്രഭുവായി.

ലോകത്ത് എന്തൊരു കാര്യം ചെയ്യണമെങ്കിലും ആ കാര്യത്തെ കുറിച്ച് മൂക്കൻ അഭിപ്രായം പറയണം. മുക്കൻ അഭിപ്രായം പറയാത്ത ഒരു സംഭവം വിരളമായിജനങ്ങൾ കണ്ടു. മൂക്കനെ സർക്കാർ കയ്യിലെടുക്കാൻ ശ്രമിച്ചു, 'നാസിക പ്രമുഖൻ ' എന്ന ബഹുമതിയും മെഡലും നൽകുകയും അദ്ദേഹത്തെ ഭരണപക്ഷ പാർട്ടിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. മറ്റുപാർട്ടികൾ മൂക്കനെ തങ്ങളുടെ പാർട്ടിയിൽ ചേർത്താൻ വേണ്ടി മൂക്കാൻെറ മൂക്ക് റബ്ബർ മൂക്കാണെന്ന് പറഞ്ഞു.




മൂക്കനെ അറസ്റ്റ് ചെയ്തു. ലോക പ്രസിദ്ധരായ ഡോക്ടർമാരെ വിളിച്ച് പരസ്യമായി മൂക്കൻെറ മൂക്ക് ഒറിജിനലാണോ എന്ന് പരിശോധന നടത്തി. ഡോക്ടർ സൂചികൊണ്ട് മൂക്കിൻെറ തുമ്പത്ത്കുത്തി അപ്പോൾ മൂക്കിൻെറ തുമ്പിൽ ചോര പൊടിഞ്ഞു. മൂക്കൻെറ മൂക്ക് ഒറിജിനലാണ് എന്ന് ഡോക്ടർ പ്രഖ്യാപിച്ചു. രാജ്യത്തിൻെറ പ്രസിഡൻറ് സഖാവ് മൂക്കനെ 'മൂക്ക് ശ്രീ ' എന്ന ബഹുമതിയോടെ പാർലമെൻറിലേക്ക് നോമിനേറ്റ് ചെയ്തു. അങ്ങനെ മൂക്കൻ ലോകം മുഴുവൻ മൂക്കൻ അറിയപ്പെടാൻ തുടങ്ങി.

ഏതെങ്കിലും കഴിവ് ഉണ്ടെങ്കിൽ അതുപയോഗിച്ച് എങ്ങനെ പ്രമുഖനാവാമെന്ന് ബഷീർ ഈ കഥയിലൂടെ നമുക്ക് കണിച്ചു തരുന്നു. സമൂഹത്തോടുള്ള പരിഹാസമാണ് ഈ കഥയിൽ നിറച്ചിരിക്കുന്നത്. ബഷീറിൻെറ ഹാസ്യകലാ പാടവത്തിൻെറ വിജയ വൈജയന്തിയായി നില കൊള്ളുന്ന കഥ കൂടിയാണിത്.





ഗൗരി നന്ദ

# മഴ

എൻെറ സന്തോഷത്തിലും സങ്കടത്തിലും
എല്ലാം ഒരുപോലെ നീ കൂടെയുണ്ട്
സന്തോഷത്തിൽ നിന്നോടൊത്ത്
ആർത്തുല്ലസിക്കാനും സങ്കടത്തിൽ
കരയുമ്പോൾ ആരും കാണാതിരിക്കാനും
ഒരു മറയായി നീ എൻെറ കൂടെയുണ്ട്
നിന്നിൽ ഞാൻ അലിയുമ്പോൾ എല്ലാം
മറക്കുന്നു നിൻെറ ഓരോ തുള്ളികളും
എൻെറ നെഞ്ചിലേക്ക് ഇറങ്ങുന്നു നിൻറെ ഈ ഇളം
കാറ്റ് എന്നെ സ്പർശിക്കുമ്പോൾ
ഞാൻ ഒന്നുമല്ലാതെയായി മാറുന്നു ഞാൻ നിന്നെ
മുഖാമുഖം നോക്കിയിരിക്കുമ്പോൾ
നിന്നിൽ അലിയാനായി എൻറെ മനസ്സിൽ എന്നോട്
അറിയാതെ പറയുന്നു നിന്നെ
നോക്കിയിരിക്കുമ്പോൾ നീ ആരാണെന്നും?
എന്തിനാണ് നിന്നെ നോക്കുന്നതെന്നും?
എൻറെ മനസ്സ് എന്നോട് എത്ര പ്രാവശ്യം ചോദിച്ചു
നീ പ്രകൃതിയിലെ ഒരു പ്രതിഭാസം മാത്രമല്ല എൻറെ
നെഞ്ചിൽ കുളിരേകുന്ന നിമിഷങ്ങളാണ്



[illegible]

# I CAN

You have all that the greatest men have had
Two arms, Two hands, Two legs,Two eyes
and the brain to use
If you would be wise
With this equipment they all began
So start for the top and say I can
say I can
You can be great
If only you will
Your the handicap you must
face
say
I can



# [illegible]

മലയാള അക്ഷരം പഠിക്കുവാൻ
മലയാളി മനുഷ്യന് കൊതിയേറെ
ഉള്ളിൽ

മലയാളഭാഷ പഠിക്കുവാൻ
കുട്ടികൾ പള്ളിക്കൂടത്തിന്റെ
മുറ്റത്ത് നിൽക്കുന്നു

എൻെറ മലയാളഭാഷയെ ഞാൻ
എന്റെ മനസ്സിൽ മുറുക്കെ പിടിക്കുന്നു

കേരള മാതൃഭാഷ മലയാളമാണെന്ന്
മറക്കുവാൻ പാടില്ല
സോദരേ....സോദരേ.....

UNBOUND INK



Shifa Ruqiya

# വഴിത്തിരിവ്

ജീവിതനൗകയിൽ അലഞ്ഞുതിരിയേ
ലക്ഷ്യം താണ്ടി നടന്നു നീളേ..
കൂട്ടുകൂടിയ കൂട്ടരെല്ലാം പഠിപ്പും പത്രാസുമായി ദേശാടന
പക്ഷിയെ പോലെ പറന്നകന്നു

പഠന നാൾതൊട്ട് ഇഷ്ടവഴിയിൽ നടക്കാതെ
പ്രധാന അഭിലാഷം തേടിപ്പോയ ഞാൻ വെറും വിഢി
യായോ എന്നൊരു തോന്നൽ
മാലാഖമാർ അനുഗ്രഹിച്ചു പോയ പോലെ

ഉന്നതപഠനത്തിരിവിന് വഴികാട്ടിയായി
എൻ ജീവിത സങ്കല്പ താളുകൾ ഉണ്മയാൽ നേടിയ
സ്ഥാനമാനങ്ങളെല്ലാം അഴിമതിയായി
നഷ്ടപ്പെടുമ്പോൾ സങ്കടമായി ഒഴുകി


ലക്ഷ്യം താണ്ടി നീളേ പോയ ഞാനറിഞ്ഞു
എൻ ജീവിത സ്പന്ദനം ഒരു നിറഞ്ഞ തൂവൽ
സ്പർശനം പോലെ.

ജ്ഞാന വിദ്യയിൽ മാർഗനിർദേശവുമായി
മുന്നോട്ട് നീങ്ങി.
പഠന വഴിത്തിരിവ് വന്നു കയാൽ
എൻ ഉള്ളിൽ വന്നു ബോധ്യം

UNBOUND INK

# അച്ഛൻ

മരണം കൈപിടിച്ചെടുത്തെങ്കിലും
ഇന്നുമാ ഷർട്ടിൽ വിയർപ്പിന്റെ മണമാണ്,
കണാൻ കൊതിക്കുമ്പോൾ,
തിരിഞ്ഞൊന്ന് നോക്കും....
ശാസനായായി
പുറകിലുണ്ട്!!
ധൈര്യമായി മനസ്സിലുണ്ട്!!
മറച്ചുവെച്ച പുഞ്ചിരികൾ...
ഇന്നുമാ പോക്കറ്റിൽ ഭദ്രമാണ്
നനയില്ല കണ്ണുകൾ....
മറച്ചുവച്ച പുഞ്ചിരി ഇന്നെനിക്കെല്ലാം തന്നു.



UNBOUND INK